പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5195 | 27.6.2019 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാർക്കുള്ള നിരാമയ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

മറുപടി

ശ്രീ.ടി. വി. ഇബ്രാഹിം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് വേണ്ടി നടപ്പിലാക്കിവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ നൽകുന്ന വിദ്യാജ്യോതി പദ്ധതി, ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, അടിയന്തിരസഹായം നൽകുന്ന പരിരക്ഷ പദ്ധതി, സഹായ ഉപകരണം നൽകുന്ന പദ്ധതി, മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള നിരാമയ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഭിന്നശേഷിക്കാരായ കുട്ടകൾക്കുള്ള ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നു.<br>കൂടാതെ, മാനസികവെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2017 തീയതിയിൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9.8.2018 തീയതിയിൽ ബഹു:മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുതപാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യപരവും, വിദ്യാഭ്യാസപരവുമായ പുരോഗതിക്കുവേണ്ടി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഹസ്തദാനം സ്ഥിരനിക്ഷേപ പദ്ധതി.<br>2. എൻ.എച്ച്..എഫ്.ഡി.സി. വിദ്യാഭ്യാസ വായ്പാ പദ്ധതി.<br>3. കാഴ്ച പരിമിതിയുള്ള 18 വയസ്സിന് മുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ശബ്ദാനുസരണ സോഫ്റ്റ് വെയറുള്ള ലാപ്പ്ടോപ്പ്/ സ്മാർട്ട് ഫോൺ എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങളുടെ |

സൗജന്യ വിതരണം നടത്തി വരുന്നു.

4. 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാത്തവരും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസായവരുമായ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).
5. ഭിന്നശേഷിക്കാരായ കുട്ടികൾക്കാവശ്യമായ സഹായോപകരണങ്ങൾ സൗജന്യമായി നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

ഭിന്നശേഷിക്കാരായവർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി **'അനുയാത്ര'** എന്ന പദ്ധതി 2016 ജൂൺ മാസം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ (എസ്.ഐ.ഡി) നടപ്പാക്കി വരികയാണ്. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള **"സമഗ്ര ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്.

(ബി) നാഷണൽ ട്രസ്റ്റിന്റെ കീഴിലുള്ള നിരാമയ (NIRAMAYA) ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് ലഭിക്കാവുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) നിരാമയ (NIRAMAYA) ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് ലഭിക്കാവുന്ന പരമാവധി സാമ്പത്തിക സഹായം പ്രതിവർഷം ഒരു ലക്ഷം രൂപയാണ്. താഴെ കാണുന്ന പട്ടിക പ്രകാരമാണ് നിരാമയ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്.

| | | |
|---|---|---|
| 1 | ഒ.പി. ചികിത്സ | 14,500/- [സാധാരണ അസുഖങ്ങൾക്കുള്ള ചികിത്സ 8,000/- രൂപ (സ്കാൻ/ലാബ് ടെസ്റ്റുകൾ/എക്സ്റേ മുതലായവ) വൈകല്യത്തെ തുടർന്നുള്ള റഗുലർ ചെക്കപ്പുകൾക്ക് 4,000/- രൂപ പല്ല് സംബന്ധമായ ചികിത്സകൾക്ക് 2,500/- രൂപ] |
| 2 | ഫിസിയോ /ഒക്കുപ്പേഷണൽ/സ്പീച്ച് തെറാപ്പി | 10,000/- |
| 3 | ഹോമിയോ/ആയുർവ്വേദം തുടങ്ങിയ ഇതര ചികിത്സ | 4,500/- |
| 4 | ആംബുലൻസ്/ടാക്സി തുടങ്ങിയ യാത്രാ ചെലവുകൾ | 1,000/- |
| 5 | ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ | 70000/- [ഓപ്പറേഷൻ -55,000/- വൈകല്യങ്ങളുമായി ബന്ധപ്പെട്ട ഓപ്പറേഷൻ-40,000/- രൂപ മറ്റ് അസുഖങ്ങളെ/ അപകടങ്ങളെ തുടർന്നുള്ള ഓപ്പറേഷൻ-15,000/- രൂപ |

| | | |
|---|---|---|
| | | സാധാരണ അസുഖങ്ങൾക്കുള്ള കിടത്തി ചികിത്സ-15,000/- രൂപ] |
| | മൊത്തം | 1,00,000/- |

| | |
|---|---|
| (സി) ഈ പദ്ധതിയിലെ സംസ്ഥാന വിഹിതം എത്ര ശതമാനമാണ്; ഈ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഇത് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നാഷണൽ ട്രസ്റ്റിന്റെ നേരിട്ടുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്താക്കൾ പ്രീമിയം തുക അടയ്ക്കേണ്ടതാണ്. കേരളത്തിൽ പ്രസ്തുത പ്രീമിയം തുക എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഈ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ഡി) കുടുംബവരുമാനം അടിസ്ഥാനമാക്കിയാണോ ഭിന്നശേഷിക്കാർക്ക് പെൻഷൻ നൽകുന്നത്; ആണെങ്കിൽ ഭിന്നശേഷിക്കാരുടെ വരുമാനം പരിഗണിക്കാതെ ഇവർക്ക് പെൻഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) അതെ. ഭിന്നശേഷിക്കാരുടെ വരുമാനം പരിഗണിക്കാതെ പെൻഷൻ നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ